ഇൻഫെർട്ടിലിറ്റി ക്ലിനിക്കിലെ സ്കാനിംഗ് യന്ത്രം കുറേ നാളുകളായി പ്രവർത്തിക്കുന്നില്ല. ചില ആളുകൾ സർക്കാർ സ്ഥാപിക്കുന്ന യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കാതിരിക്കുകയും നശിപ്പിക്കുകയും ചെയ്യുകയാണ്. അതുകൊണ്ട് ഈ വിഷയത്തിൽ ഗൗരവമായ അന്വേഷണം നടത്തി പൊതുമുതൽ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേസ്സിൽ ഉൾപ്പെടുത്തി ഈ ഉദ്യോഗസ്ഥന്മാർ ആരാണെങ്കിലും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കാൻ മുളയിലെ നുള്ളാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, മെഡിക്കൽ കോളേജുകളിൽ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന വിലയേറിയ ചില ഉപകരണങ്ങളുടെ പ്രവർത്തനം നിശ്ചലമാക്കുന്നതിനോ അല്ലെങ്കിൽ അത് പ്രവർത്തിപ്പിക്കാതിരിക്കുന്നതിനോ ഉള്ള അപൂർവ്വം ചില നടപടികളെങ്കിലും ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ ഒരു മികച്ച ഉദാഹരണമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇരുപത്തിയഞ്ച് ലക്ഷത്തിലധികം വിലവരുന്ന സിയാം മെഷീന്റെ കേബിൾ വളരെ മൂർച്ചയേറിയ ബ്ലേയ്ഡ് കൊണ്ട് കട്ട് ചെയ്ത് അതിന്റെ പ്രവർത്തനം അവസാനിപ്പിച്ചത്. പക്ഷേ ഭാഗ്യവശാൽ നമുക്ക് 24 മണിക്കൂർ കൊണ്ടുതന്നെ അതിന്റെ പ്രവർത്തനം പുനഃസ്ഥാപിക്കാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാൻ സാധിച്ചു. ഇത് സൂചിപ്പിക്കുന്നത് മുൻകാലങ്ങളിലൊക്കെ അപൂർവ്വം ചില ഡോക്ടർമാരുടേയോ, സ്റ്റാഫിന്റേയോ, ആരുടെയോ ഭാഗത്തുനിന്ന്, ഇത്തരം ഉപകരണങ്ങളെ നശിപ്പിക്കുന്നതിന് ബോധപൂർവ്വം തന്നെ ചിലർ തയ്യാറാകുന്നു ണ്ടെന്നുള്ള ലക്ഷണങ്ങളാണ് ശസ്ത്രക്രിയ ചെയ്യുന്ന മുറിയിലേക്ക് ഒരുപാട് ആളുകൾക്കൊന്നും പ്രവേശനമില്ല. പണ്ടത്തെ ആ ശീലം പൂർണ്ണമായും ഉപേക്ഷിക്കാൻ ചിലരെങ്കിലും തയ്യാറല്ല എന്നുള്ളതാണ് ബഹുമാനപ്പെട്ട വി.എസ്. സുനിൽ കുമാർ പറഞ്ഞ സ്കാനിംഗ് മെഷീൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിന്നും നമുക്ക് ബോധ്യമാകുന്നത്. മെഡിക്കൽ കോളേജിൽ ഉണ്ടായിട്ടുള്ള ഈ സംഭവത്തെ തുടർന്ന് ആദ്യം ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള അന്വേഷണത്തിന്റെ ഒരു റിപ്പോർട്ട് കിട്ടി. അതിലൊന്നും വ്യക്തതയില്ല. അതുകൊണ്ട് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചു. ക്രൈം ബ്രാഞ്ചിന്റെ റിപ്പോർട്ട് പൂർണ്ണമായി കിട്ടിയിട്ടില്ല. റിപ്പോർട്ട് കിട്ടിയാൽ ശക്തമായിട്ടുള്ള നടപടി സ്വീകരിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം ഇത് മോണിറ്റർ ചെയ്യാൻ ഡിപ്പാർട്ടുമെന്റിന് കുറച്ചുകൂടി ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(15) വർക്കല താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ വർക്കല താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഞാൻ ചില കാര്യങ്ങൾ ഇവിടെ പറയുന്നത്. ഞാൻ പലതവണ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. പക്ഷേ ആ നടപടികളൊന്നും ഫലവത്തായില്ല. മന്ത്രി ഉദ്ഘാടനം ചെയ്ത രണ്ട് കെട്ടിടങ്ങളും അടച്ചിട്ടിരിക്കുകയാണ്. അതു പോലെതന്നെ തിയേറ്റർ അന്ന് ഉദ്ഘാടനം ചെയ്തതാണ്. ഇൻസ്ട്രുമെന്റ്സ് ഒന്നും വരാത്തതുകൊണ്ട് തിയേറ്ററിന്റെ പ്രവർത്തനവും തുടങ്ങിയില്ല. പീഡിയാട്രിക്സ് വാർഡ് ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. എട്ട് ഡോക്ടർമാർ ഉണ്ട്. എൻ.ആർ.എച്ച്.എം.-ന്റെ ഒരു ഡോക്ടറും കൂടി വന്നിട്ടുണ്ട്. ഞാൻ എന്റെ ഒരു അനുഭവം പറയാം. ഒരു ഡോക്ടർ മാത്രമാണ് അവിടെ ഉണ്ടാകുന്നത്. അത്യാഹിതം, ആത്മഹത്യ തുടങ്ങിയവയൊക്കെ വരുന്ന സമയത്ത് ഞാൻ രണ്ട് മൂന്ന് ദിവസം ആശുപത്രിയിൽ പോയപ്പോൾ ഒരു ഡോക്ടർ മാത്രമാണ് അവിടെയുണ്ടായിരുന്നത്. മുന്നൂറ് പേഷ്യന്റ്സും ഉണ്ട്. അവർ ഉച്ചവരെ ഇരുന്നാൽപോലും പോസ്റ്റുമോർട്ടം നടത്താൻ മറ്റൊരാൾ വരാനില്ല. ഇത് സ്ഥിരം സംഭവമാണ്. ഒരാൾ മാത്രമേ അവിടെയുണ്ടാകൂ. ആളുകൾ പ്രക്ഷോഭം നടത്തി ബഹളമുണ്ടാക്കി പ്രശ്നങ്ങളാകുന്ന സ്ഥിതിയാണ് പല ദിവസവും ഉള്ളത്. രണ്ട് ദിവസം ഞാൻ അതിന് സാക്ഷ്യം വഹിക്കുകയുണ്ടായി. അതോടൊപ്പം അവിടെ സൂപ്രണ്ടില്ല. സൂപ്രണ്ടിന്റെ ചുമതല നൽകിയിരിക്കുന്ന ഡോക്ടറാണെങ്കിൽ ഡോക്ടർമാരും രോഗികളുമായി സഹകരിക്കില്ല. ഈ ആശുപത്രി അടഞ്ഞുകിടക്കുന്നതിന്റേയും അതുപോലെതന്നെ ഒന്നും പ്രവർത്തിക്കാത്തതിന്റേയും ഒരു പ്രധാനപ്പെട്ട കാരണം അവരുടെ താല്പര്യമില്ലായ്മ ആണ്. മറ്റൊന്ന്, താലൂക്ക് ആശുപത്രിക്ക് ഇരുപത്തിരണ്ട് ഡോക്ടർമാർ വേണം. പക്ഷേ ഒൻപത് പേരേയുള്ളൂ. പല സാഹചര്യങ്ങളിലും ഒന്നും ചെയ്യാൻ കഴിയില്ലെങ്കിലും ശരി, കാഷ്വാലിറ്റിയിൽ ഒരു ഡോക്ടർ വേണ്ടേ? അത് ഇവിടെയില്ല. വളരെ ശോചനീയമായ ഈ സാഹചര്യങ്ങൾ നിലവിലുള്ളതുകൊണ്ട് മുനിസിപ്പൽ ചെയർമാൻ, മുനിസിപ്പൽ അധികൃതർ, എം.എൽ.എ. ബന്ധപ്പെട്ടവരുടെ എല്ലാം യോഗം ചേർന്ന് ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, വർക്കല ഗവൺമെന്റ് ആശുപത്രി ഇപ്പോൾ താലൂക്ക് ആശുപത്രിയുടെ പദവിയിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. പക്ഷേ ഡോക്ടർമാരുടെ എണ്ണവും സാങ്ഷൻഡ് പോസ്റ്റ് കുറവാണെന്നുള്ള ബഹുമാനപ്പെട്ട എം.എൽ.എ.യുടെ അഭിപ്രായത്തോട് എനിക്കും യോജിപ്പാണുള്ളത്. വർക്കലപോലുള്ള ഒരു മുനിസിപ്പാലിറ്റിയിലെ ആശുപത്രിയിൽ ഒമ്പത് ഡോക്ടർമാരുടെ തസ്തികയാണ് ഇപ്പോഴുള്ളത്. ആ തസ്തികയിൽ ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ട്. ഈ ഡോക്ടർമാർ വേണ്ടത്ര നല്ലരീതിയിൽ പ്രവർത്തിക്കുന്നില്ല എന്ന് പരിശോധിക്കാൻ അവിടെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനമുണ്ട്. മുനിസിപ്പാലിറ്റിക്ക് പൂർണ്ണമായ ഉത്തരവാദിത്വമുള്ള ഒരു ആശുപത്രിയാണ് വർക്കല മുനിസിപ്പാലിറ്റിയുടെ ഈ താലൂക്ക് ആശുപത്രി. പക്ഷേ അവിടെ ഒരു ലേബർ റൂം ഇല്ല എന്നത് കണക്കിലെടുത്തുകൊണ്ടാണ് ലേബർ റൂം ഉണ്ടാക്കാൻ ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. തിയേറ്റർ ഉണ്ടായിരുന്നില്ല. അന്ന് ഞങ്ങൾ എല്ലാം കൂടി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തിയേറ്റർ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനക്ഷമമായി കഴിഞ്ഞു. എനിക്ക് തോന്നുന്നത് ഇഎൻടി, ഓപ്താൽമിക്, പീഡിയാട്രിക്സ്, മെഡിക്കൽ കൺസൾട്ടന്റ് തുടങ്ങിയവയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് ഉണ്ട് എന്നാണ്. പക്ഷേ വേണ്ടത്ര ജാഗ്രതയോടുകൂടിയുള്ള പ്രവർത്തനം വർക്കല ആശുപത്രിയിൽ ഉണ്ടാകുന്നില്ല എന്നുള്ള ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിരന്തരമായ പരാതിയുണ്ട്. ഞാൻ തന്നെ രണ്ട് പ്രാവശ്യം വർക്കല ആശുപത്രിയിൽ പോയി. എന്നിട്ടും അതിനൊരു പരിഹാരം കാണാനായില്ല. ഏതായാലും അവിടത്തെ പ്രവർത്തനത്തിലെ ഡിലേ ഒന്നുകൂടി പരിശോധിക്കാം. പോസ്റ്റുമാർട്ടം നടത്തേണ്ട സന്ദർഭത്തിൽ എന്തുകൊണ്ടാണ് ഈ രൂപത്തിലുള്ള ഒരു അവസ്ഥ വരുന്നത് എന്നതിനെ സംബന്ധിച്ച് വളരെ ഗൗരവമായി തന്നെ പരിശോധിച്ച് റിപ്പോർട്ട് തരാൻ വേണ്ടി ഞാൻ ഡിഎംഒയോട് പറയാം. എന്നിട്ട് ആവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കാം. പോസ്റ്റ് ക്രിയേഷനും ആവശ്യമായിട്ടുണ്ട്. വേണ്ടെന്ന് ഞാൻ പറയുന്നില്ല.

V ധനകാര്യം

2011-2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച 2011-12 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. യഥാർത്ഥത്തിൽ ഡെപ്യൂട്ടി സ്പീക്കറുടെ പ്രസംഗം ഇന്നു നടക്കുമോ എന്ന ആശങ്കയിലായിരുന്നു ഞാൻ. അതിനു സഹകരിച്ച പ്രതിപക്ഷത്തേയും ഭരണപക്ഷത്തേയും പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ ബഡ്ജറ്റിനെ ഇൻഡ്യാ രാജ്യത്ത് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണ നയങ്ങൾക്ക് ബദലായ ബജറ്റ് എന്നു വേണമെങ്കിൽ നമുക്ക് പറയാം. രാജ്യത്തിൽ സാമൂഹ്യ യാഥാർത്ഥ്യങ്ങൾക്കനുസരിച്ചുള്ള ഒരു സാമ്പത്തിക-വ്യാവസായിക-കാർഷിക നയത്തിന്റെ അനുഭവപാഠങ്ങളാണ് കേരളത്തിന്റേത്. രാജ്യം തുടരുന്ന ആഗോളവൽക്കരണ സ്വകാര്യവൽക്കരണ ഉദാരവൽക്കരണ നയങ്ങൾക്ക് ബദൽ സമീപനം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ന രാഷ്ട്രീയ പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്ന, അതിന്റെ തെളിമയാർന്ന പ്രവർത്തനമാണ് സംസ്ഥാന ധനകാര്യമന്ത്രിയുടെ കഴിഞ്ഞ അഞ്ചു വർഷത്തെയും കേരള ഗവൺമെന്റിന്റെയും നേട്ടങ്ങൾ. സംസ്ഥാന ധനമാനേജ്മെന്റിന് പുതിയ മാനങ്ങളുണ്ടാക്കിയ അഞ്ചു വർഷങ്ങളാണ് കടന്നുപോയത്. വികസനച്ചെലവുകളും പദ്ധതിച്ചെലവുകളും വർദ്ധിച്ചപ്പോഴും കമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു വെന്നത് മികച്ച ധനമാനേജ്മെന്റിന്റെ തെളിവാണ്. സർക്കാരിന്റെ മൊത്തം ചെലവിന്റെ 5.65 ശതമാനമായിരുന്ന മൂലധനച്ചെലവ് 12.51 ശതമാനമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 6.6 ശതമാനത്തിൽ നിന്നും 8 ശതമാനമായി മാറി. പദ്ധതിച്ചെലവ് 22 ശതമാനത്തിൽ നിന്നും 25.3 ശതമാനമായി മാറി. വികസനച്ചെലവ് 51 ശതമാനത്തിൽ നിന്നും 55 ശതമാനമായി ഉയർന്നു. അപ്പോഴും റവന്യൂ കമ്മി 28.5 ശതമാനത്തിൽ നിന്നും 15.5 ശതമാനമായി താഴ്ന്നു. ധനക്കമ്മി കുറഞ്ഞു. കഴിഞ്ഞ 30 വർഷത്തിനിടയിൽ ട്രഷറി ഓവർ ഡ്രാഫ്റ്റില്ലാത്ത അഞ്ചു വർഷങ്ങളായിരുന്നു കടന്നുപോയത്.

LIBRARY ARCHIVES Kerala Legislative Assembly